"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ഉന്നത വിദ്യാഭ്യാസ വകുപ്പ്-കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.850/2025/HEDN തീയതി,തിരുവനന്തപുരം, 02-07-2025

---

**പരാമർശം:-** 1. **കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 02.05.2025-ലെ DCETVM/4141/2024-P5 നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ 200 മീറ്റർ പരിധിയിലുള്ള 2.5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ 200 മീറ്റർ പരിധിയിലുള്ള 2.5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് സെന്റ് ഒന്നിന് 1,25,000/- രൂപ നിരക്കിൽ, ആകെ 3,12,50,000/- രൂപ (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ), 2025-2026 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ശീർഷകമായ "4202-01-203-64 -Physical, Human and IT Infrastructure Upgradation, Development and Maintenance - Implemented by DCE"- ൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL T N

**ജോയിന്റ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, കൊണ്ടോട്ടി സർക്കാർ കോളേജ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (2634611/വിദ്യാ- സി4/371/2023-ധന നം. കുറിപ്പ് പ്രകാരം)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി (സി2/155/2025-ഉ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by

Sheeba Jayadevan

Date: 02.07.2025 16:47:54

സെക്ഷൻ ഓഫീസർ